# അധ്യായം 5
# ആലപ്പാട്ടെ അരയജീവിതം :
# സമകാലികതയും സ്വത്വരൂപീകരണവും

**5.0.ആമുഖം**

ആലപ്പാട്ടരയരുടെ സമകാലികാവസ്ഥയാണ് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത്. ഒരു സമൂഹത്തിന്റെ നിലനിൽപ്പിനടിസ്ഥാനം പാരമ്പര്യം, ഭൗതികസാഹചര്യങ്ങൾ, കൂട്ടായപ്രവർത്തനങ്ങൾ തുടങ്ങിയവയാണ്. ആലപ്പാട്ടരയരെ സംബന്ധിച്ചിടത്തോളം അവരെ ഒന്നിപ്പിക്കുന്ന പ്രധാന ഘടകങ്ങൾ പാരമ്പര്യം, ഉപജീവനമാർഗ്ഗമായ മീൻപിടുത്തം, അതിനുചേർന്ന ആവാസവ്യവസ്ഥ എന്നിവയാണെന്നു കാണാം. എന്നാൽ ആധുനികീകരണപ്രക്രിയ അവരുടെ ജീവിതപരിസരം വളരെയധികം മാറ്റിയിട്ടുണ്ട്. തൊഴിലിലെ യന്ത്രവൽക്കരണം ജീവിതഗതിയെ പുനർനിർണ്ണയിച്ചു. അരനൂറ്റാണ്ടിലേറെയായി നടന്നുവരുന്ന കരിമണൽഖനനം പ്രദേശത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാവുകയാണ്. അപ്രതീക്ഷിതമായുണ്ടായ സുനാമി ദുരന്തമാകട്ടെ അവരിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഈ മാറിയ ജീവിതസാഹചര്യങ്ങളിൽ നിന്നുകൊണ്ട് സമകാലത്തിൽ ആലപ്പാട്ടരയർ രൂപപ്പെടുത്തിയെടുക്കുന്ന/അവരിൽ സ്വയം രൂപീകൃതമാകുന്ന സ്വത്വത്തെക്കുറിച്ചാണ് അന്വേഷിച്ചത്.

**5.1. സ്വത്വം എന്ന സങ്കല്പനം**

സ്വത്വം എന്ന വാക്കിന് തനിക്ക് താൻ മതിയെന്ന സ്ഥിതി, തന്റേതെന്ന ഭാവം, ഉടമസ്ഥാവകാശം, സ്വയം സത്ത എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലിയിൽ നൽകിക്കാണുന്നുണ്ട് (പദ്മനാഭപിള്ള, 1998 : 1749). ഒരു വ്യക്തിയുടെ സത്തയെ സ്വത്വം എന്നുവിളിക്കാം. അത് ചലനാത്മകമായ ഒന്നാണ്. സാഹചര്യങ്ങൾക്കും സ്ഥലത്തിനും അനുസരിച്ച് അതു മാറ്റങ്ങൾക്ക് വിധേയമാകുന്നു. കഴിഞ്ഞകാലജീവിതത്തിന്റെ വെളിച്ചത്തിൽ

ഇന്നിനെ രൂപപ്പെടുത്തുകയും നാളയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നത് സ്വത്വബോധത്തിന്റെ അടിത്തറയിലാണ്. സ്ഥലം, കാലം, ലിംഗം, പാരമ്പര്യം, സാമൂഹികഘടകങ്ങൾ എന്നിവയെല്ലാം സ്വത്വരൂപീകരണത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്.

അടുത്തകാലത്തായി വിവിധ വൈജ്ഞാനികമേഖലകളിൽ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ് സ്വത്വം. മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, രാഷ്ട്രതന്ത്രം എന്നിങ്ങനെയുള്ള വിജ്ഞാനശാഖകളിൽ ഇതിനെക്കുറിച്ചുള്ള പഠനങ്ങൾ നടക്കുന്നുണ്ട്. 1990 - കൾ മുതൽ സംസ്കാരപഠനങ്ങളുടെ ഭാഗമായും സ്വത്വസങ്കല്പനത്തെക്കുറിച്ചുള്ള ചർച്ചകൾ ഉണ്ടാകുന്നുണ്ട്. വംശീയ/വർഗ്ഗപഠനങ്ങൾ, സ്ത്രീവാദം പോലുള്ള ലിംഗകേന്ദ്രീകൃത പഠനങ്ങൾ തുടങ്ങിയവയുടെയെല്ലാം നിർണ്ണായക ഘടകമായി വർത്തിച്ചത് സ്വത്വമാണെന്നു കാണാം. ഈ സങ്കല്പനം ആത്മ - സ്വത്വം/വ്യക്തി സ്വത്വം (self/individual identity), സാമൂഹിക സ്വത്വം (social identity), സാംസ്കാരിക സ്വത്വം (cultural identity), വംശീയ സ്വത്വം (ethnic identity), മതപരമായ സ്വത്വം (religious identity), ദേശീയ സ്വത്വം (national identity) എന്നിങ്ങനെ വിവിധ തലങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്.

'The theory of identity'എന്ന ലേഖനത്തിൽ വ്യക്തി സ്വത്വത്തെ ചർച്ചചെയ്യുന്ന ജോൺ റെക്സ്,മനഃശാസ്ത്രജ്ഞനായ വെയിൻ റീച്ചിനെ ഉദ്ധരിക്കുന്നുണ്ട്. "ഒരുവന്റെ സ്വത്വത്തെ നിർവ്വചിക്കാൻ കഴിയുക അവന്റെ ആത്മ-വ്യഖ്യാനങ്ങളുടെ സമഗ്രതയിലാണ്. ഒരാൾ വർത്തമാനകാലത്തിൽ സ്വയം വിലയിരുത്തുന്നത് കഴിഞ്ഞകാലത്ത് എങ്ങനെ വിലയിരുത്തി എന്നതിന്റെ തുടർച്ചയിലാണ്. അതോടൊപ്പം ഭാവികാലം എങ്ങനെയായിരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു"[1] ഈ അഭിപ്രായത്തെ അനുകൂലിച്ചുകൊണ്ട് എല്ലാ മനുഷ്യനിലും ഇതേപോലെയുള്ള സ്വത്വം കുടികൊള്ളുന്നുവെന്നും ഇത് ലളിതമായ ഒരു കാഴ്ചപ്പാടല്ലെന്നും ജോൺ റെക്സ് തുടർന്നു പറയുന്നു. വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ഈ സ്വത്വബോധം ക്രമീകൃതമായ ഒരു കാഴ്ചപ്പാടാണ്. അത് വ്യക്തിയുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിൽ അധിഷ്ഠിതമാണെന്നു കാണാം. അതിലുപരിയായി വൈകാരികവും വൈചാരികവുമായി ഉടലെടുക്കുന്ന അറിവുകൾ സ്വത്വരൂപീകരണത്തിൽ നിർണ്ണായകഘടക

മായി വർത്തിക്കുന്നു. ഒരു വ്യക്തിയിൽ സ്വത്വം രൂപംകൊള്ളുന്നത് ആ വേളയിൽ അവനോ/അവളോ അറിയുന്നില്ല. അങ്ങനെ വന്നാൽ ആ അറിവിനോട് വൈകാരിക മായ ആഭിമുഖ്യമുണ്ടാവുക സ്വാഭാവികം (Rex, 2000 : 233 - 234).

സ്വത്വത്തെ രൂപപ്പെടുത്തുന്നതിൽ വ്യക്തിബാഹ്യഘടകങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. വ്യക്തിസ്വത്വത്തിൽ സാമൂഹിക, സാംസ്കാരിക ഘടകങ്ങളുടെ സ്വാധീന ഫലമായിട്ടാണ് വിവിധ സ്വത്വബോധങ്ങൾ രൂപം കൊള്ളുന്നത്. "സ്വത്വങ്ങൾ പൂർണ്ണമായും സംസ്കാരനിർമ്മിതികളാണ്. സംസ്കാരപ്രാതിനിധ്യവും അന്യസംസ്കാ രസമന്വയവും കൂടാതെ ഈ സങ്കല്പനത്തിന് നിലനിൽപ്പില്ല"[2] (Barker, 2000 : 165). ഒരു സംസ്കാരത്തെ മറ്റു സംസ്കാരങ്ങളിൽനിന്ന് വേർതിരിച്ചുനിർത്തുന്നത് അതിന്റെ സ്വത്വമാണെന്നു കാണാം. എന്നാൽ ഒരു പ്രത്യേക കൂട്ടായ്മയുടെയോ, വ്യക്തിയുടെയോ സ്വത്വത്തെ മറ്റു സംസ്കാരങ്ങളും സാമൂഹികഘടകങ്ങളും സ്വാധീനിക്കുന്നുണ്ട്. ആല പ്പാട്ടരയന്റെ സ്വത്വം രൂപപ്പെടുത്തുന്നതിൽ സമൂഹിക,സാംസ്കാരിക ഘടകങ്ങൾക്കു ള്ള പങ്കാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

**5.2. ഭാഷ**

ആവേദമൊഴികളിൽനിന്ന് വ്യക്തമാകുന്ന അരയഭാഷാസവിശേഷതകളാണ് ഇവിടെ ചർച്ചചെയ്യുന്നത്. രണ്ടുതരം ഭാഷാസ്വത്വങ്ങളെയാണ് വാമൊഴിയിൽ നിന്ന് വായിച്ചെടുക്കാനായത്. തലമുറകളായി കൈമോശം വരാതെ സൂക്ഷിക്കുന്ന പ്രാദേശി കത്തനിമ ഭാഷാപ്രയോഗത്തിൽ സ്വീകരിച്ചിരിക്കുന്നവരാണ് ഒരു കൂട്ടർ. രണ്ടാമത്തെ വിഭാഗക്കാരുടെ മൊഴിയിൽ വരമൊഴിയുടെ കലർപ്പ് സ്പഷ്ടമാണ്. വാമൊഴി ശേഖ രണം ഗവേഷണാവശ്യത്തിനാണെന്ന് തിരിച്ചറിഞ്ഞ് വിദ്യാസമ്പന്നരായ അവരിൽ ചിലർ ബോധപൂർവ്വം അച്ചടിഭാഷയിൽ സംസാരിക്കാൻ ശ്രമിക്കുന്നതായി കാണാം. പ്രാദേശി കത്തനിമ പുലർത്തുന്ന ഭാഷാപ്രയോഗം പൊതുസമൂഹത്തിൽ നിന്നിവരെ അകറ്റിനിർത്തും എന്ന ചിന്തയിൽ നിന്നാകാം അവർ വരമൊഴിയോടടുക്കുന്നത്.

ഡോ.വി.വി.വേലുക്കുട്ടി അരയൻ *ചെമ്മീനി*ൽ (1956) തകഴി ഉപയോഗിക്കുന്ന അര യഭാഷാശൈലിയെ വിമർശിക്കുന്നുണ്ട്. "നീണ്ട നാവും അസ്ഥാനത്തിലുള്ള നീട്ടിയ

ഉച്ചാരണവും ആത്മബലവും എന്തുവന്നാലും കുലുക്കമില്ലാത്ത മനഃസ്ഥിതിയും ഉള്ള അരയത്തികളാകുന്ന ഭദ്രകാളികൾ...'' എന്ന് തകഴി നടത്തുന്ന സാമാന്യവത്കരണത്തെ വേലുക്കുട്ടി അരയൻ വിമർശിക്കുന്നുണ്ട്.

> "നീണ്ട നാവും അസ്ഥാനത്തിലുള്ള നീട്ടിയ ഉച്ചാരണവും നീർക്കുന്നത്തെ അരയത്തികൾക്കുണ്ടെന്ന് തകഴി മനസ്സിലാക്കി സ്ഥലീപുലാകന്യായേന ആ ലക്ഷണം തോവാള മുതൽ തുളുനാടുവരെയുള്ള അരയത്തികളിൽ ഒരുപോലെ കാണുമെന്നുറപ്പിച്ചുകൊണ്ടാണ് ചെമ്മീനിൽ ഈ അബദ്ധം കുത്തിക്കുറിച്ചത്. മോശപ്പെട്ടതെങ്കിലും ഒരു സമുദായത്തിലെ സ്ത്രീകളെ ആകമാനം ബാധിക്കുന്ന ഒരു സംഗതി സൂചിപ്പിക്കുമ്പോൾ വിവേകവും സമത്വബോധവും കൈവിടുന്നത് വിവരക്കേടാണ്. ഭദ്രകാളിയെന്നാരെപ്പറഞ്ഞാലും കേൾക്കുന്ന സ്ത്രീയ്ക്കും അവളുടെ ആളുകൾക്കും തീരാത്ത അമർഷവും കോപവും ഉണ്ടാകും : അത്ര ആക്ഷേപകരമായ - അപഹാസ്യമായ - ഒരു പേരാണത്. ആ സ്ഥിതിക്ക് ഈ ഭദ്രകാളി ഭർത്സനം അരയന്മാരെ ആകമാനം അപമാനിതരാക്കുന്നുണ്ട്. നീണ്ട നാക്കും അസ്ഥാനത്തുള്ള നീട്ടിയ ഉച്ചാരണവും ഇല്ലാത്തവരാരും അരയത്തികളല്ലെന്നു കൂടിയാണ് ഈ ചെമ്മീൻ ആസ്വദിച്ച് ആകാശവൽഗനം ചെയ്യുന്ന ആരും വിധിയെഴുതാനിടയുള്ളത്. കഷ്ടം തന്നെ! ആ വിധിയെഴുത്തിൽ നിന്ന് മോചിക്കുവാനുള്ള രക്ഷാമാർഗ്ഗം മലയാളഭാഷയുടെ ഉച്ചാരണശുദ്ധി പരിപാലിച്ചുകൊണ്ടുവരുന്ന കേരളത്തിലെ അരയസ്ത്രീകൾ അന്വേഷിച്ചുകൊള്ളട്ടെ...'' (2006 : 34).

തകഴിയെ വിമർശിക്കുന്ന വേലുക്കുട്ടി അരയൻ പോലും ചില മാനകീകരണങ്ങളെ പരിഗണിച്ചിരുന്നു എന്ന സൂചന ഈ ഉദ്ധരണി നൽകുന്നുണ്ട്. ഭാഷാപ്രയോഗത്തിൽ നിലനിൽക്കുന്ന പ്രാദേശികഭേദങ്ങളെ അദ്ദേഹം കണക്കിലെടുത്തതായി തോന്നുന്നില്ല.

തകഴിയുടെ *ചെമ്മീൻ* സിനിമയാക്കിയപ്പോൾ (രാമുകര്യാട്ട്, 1965) അതിൽ ഉപയോഗിച്ചിരിക്കുന്ന സംഭാഷണശൈലി അരയരുടെ ഭാഷാരീതിയോട് നീതിപുലർത്തുന്നതായിരുന്നില്ലെന്ന് കാണാം. തകഴി പറയുന്ന നീട്ടിയ ഉച്ചാരണം ഒന്നുകൂടെ പെരുപ്പിച്ച് കാണിക്കുകയാണ് സിനിമയിൽ. 'ചെമ്മീൻ : തിരയും കഥയും' എന്ന ലേഖനത്തിൽ എസ്.ശാരദക്കുട്ടി പറയുന്നുണ്ട് : "തകഴിയുടെ ചെമ്മീനിൽ നിന്നല്ല, രാമുകര്യാട്ടിന്റെ

ചെമ്മീനിൽ നിന്നാണ് കടലും കടാപ്പുറവും അവിടത്തെ തീവ്രവിശ്വാസങ്ങളും ഞങ്ങളിൽ പലരുമറിഞ്ഞത് "(2006 : 13). തുടർന്ന് വേലുക്കുട്ടി അരയന്റെ ചെമ്മീൻ നിരൂപണത്തെ വലയിരുത്തിക്കൊണ്ട് ഇങ്ങനെ തുടരുന്നു: "ഏറെ ശ്രദ്ധിക്കപ്പെട്ട ചെമ്മീൻ നോവലിനും അത്രതന്നെ ശ്രദ്ധിക്കപ്പെടാതെ പോയ ആ നല്ല നിരൂപണത്തിനും ഏതാനും വർഷങ്ങൾക്കുശേഷം രാമുകര്യാട്ട് ചെമ്മീൻ ചലച്ചിത്രമാക്കിയത് മുതൽ അരയന്റെ വിശ്വാസങ്ങൾ സത്യമെന്ന മട്ടിൽ മലയാളി നെഞ്ചേറ്റി ലാളിക്കാൻ തുടങ്ങി..." (2006 : 15). തകഴിയുടെ *ചെമ്മീൻ* രാമുകര്യാട്ട് സിനിമയാക്കുന്നത് എട്ടുവർഷത്തിനു ശേഷമാണ്. അതുവരെ പൊതുസമൂഹത്തിന് അപരിചിതമായിരുന്ന അരയരുടെ ജീവിതമാണ് ജനപ്രിയ കലയായ സിനിമയിലൂടെ പ്രചരിച്ചത്. നോവൽ വായിച്ചവരും/ വായിക്കാത്തവരും ഒരുപോലെ ആ കാലാരൂപത്തെ ഉൾക്കൊണ്ടു. സാമൂഹിക പ്രതിബദ്ധത പുലർത്തുന്ന യഥാതഥവാദത്തിന്റെ വക്താവായ തകഴി *ചെമ്മീനി*ലൂടെ അവതരിപ്പിച്ചത് അരയജീവിതത്തിന്റെ നേർപരിച്ഛേദമാണെന്ന് ആസ്വാദകലോകം ഒന്നടങ്കം വിശ്വസിച്ചു. പൊതുസമൂഹത്തിന് അരയജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് പകർന്നു നൽകിയത് *ചെമ്മീൻ* നോവലും സിനിമയുമായിരുന്നു എന്ന വസ്തുതയെ അടയാളപ്പെടുത്തുകയാണ് മുൻ ഉദ്ധരണിയിലൂടെ ശാദരക്കുട്ടി ചെയ്യുന്നത്.

തീരദേശജീവിതത്തെ ചിത്രീകരിച്ചുകൊണ്ട് ചെമ്മീനെ തുടർന്നുവന്ന ഇതര സിനിമകളും[3] ആ സംഭാഷണശൈലിയെ പിൻപറ്റുന്നവയാണെന്നു കാണാം. ഈ ഭാഷാപ്രയോഗത്തോട് ആവേദകർ വിയോജിക്കുന്നു. നീട്ടിവലിച്ച് വളരെ വികൃതമായി ചിത്രീകരിച്ചിരിക്കുന്നു എന്നാണ് അവരുടെ അഭിപ്രായം. ഇത് ശരിവച്ചുകൊണ്ട് *ചെമ്മീൻ ഒരു നിരൂപണ*ത്തിന്റെ അവതാരികയിൽ പി.ഗോവിന്ദപിള്ള ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

> "ഏതാനും നാൾ മുമ്പ് സർക്കാരിന്റെ സുനാമി ദുരന്ത നിവാരണ ശ്രമത്തിന്റെ വിജയപരാജയങ്ങൾ മനസ്സിലാക്കാൻ ഏതാനും സഖാക്കളുമൊന്നിച്ച് അരയർ തിങ്ങിപ്പാർക്കുന്ന ആലപ്പാട്ട് കടപ്പുറത്ത് ഞാൻ പോവുകയുണ്ടായി. 1908 – ൽ ഡോ. വേലുക്കുട്ടി അരയൻ സ്ഥാപിച്ച വിജ്ഞാനസന്ദായിനി എന്ന ചരിത്രപ്രസിദ്ധമായ ഗ്രന്ഥശാല സ്ഥിതി

> ചെയ്യുന്ന പ്രദേശമാണവിടം. സുനാമിദുരന്തം മൂലം വീടും സ്വത്തുക്കളും പൂർണ്ണമായി നഷ്ടപ്പെട്ട അനാഥരായ മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ ഉണ്ടാക്കികൊടുത്തിരിക്കുന്ന ഒട്ടും വാസയോഗ്യമല്ലാത്ത തകരക്കുടിലുകളിലാണ് ഞങ്ങൾ പോയത്. ചുട്ടുപൊള്ളുന്ന കടലോരവെയിലിൽ അനേകമാസങ്ങളായി നിവർന്നു കിടക്കാൻ പോലും സ്ഥലമില്ലാത്ത ഒറ്റമുറികളിൽ അച്ഛനും അമ്മയും അമ്മൂമ്മയും മുതിർന്ന മക്കളും എല്ലാം കഴിച്ചുകൂട്ടുന്ന അവസ്ഥ അവർ ഞങ്ങളെ പറഞ്ഞു മനസ്സിലാക്കി. എന്നെ അൽഭുതപ്പെടുത്തിയ വസ്തുത ദരിദ്രരും മത്സ്യത്തൊഴിലാളികളും മറ്റുമായ സ്ത്രീകൾ സംസാരിക്കുന്ന അവികലമായ മലയാളഭാഷയുടെ തെറ്റില്ലാത്ത ഒഴുക്കാണ്. ആരും തകഴിയുടെ കറുത്തമ്മയെയോ പഞ്ചമിയെയോ പോലെ നീട്ടിപ്പറയുന്നതൊന്നും ഞാൻ കേട്ടില്ല. അഭ്യസ്തവിദ്യർക്കുമാത്രം കഴിയുന്നവിധം ശുദ്ധമായ സുന്ദരഭാഷാശൈലി ഈ പാവപ്പെട്ട തൊഴിലാളികൾക്ക് എങ്ങനെ വശമായി എന്ന് തെല്ല് അത്ഭുതത്തോടെ അപ്പോൾത്തന്നെ കൂടെവന്ന സഖാക്കളോട് ആരായുകയും ചെയ്തു. തൊഴിലാളി സ്ത്രീകളുടെയും പുരുഷന്മാരുടെയും ഭാഷാശൈലിയെക്കുറിച്ച് ഡോ. വേലുക്കുട്ടി അരയൻ അഭിമാനപൂർവ്വം പറയുന്നതിനോട് ഒരിക്കലെങ്കിലും ആ പ്രദേശങ്ങൾ സന്ദർശിച്ചവർക്ക് യോജിക്കാതിരിക്കാൻ കഴിയില്ല''(2006 : 8 – 9).

ആലപ്പാട്ടരയരുടെ ഭാഷയിൽ തമിഴ്ഭാഷയുടെ സ്വാധീനം പ്രകടമാണ്. അവർ നിത്യജീവിതത്തിലുപയോഗിക്കുന്ന പല പദങ്ങളും തമിഴ്ഭാഷയോടടുത്ത് നിൽക്കുന്നവയാണ്. അക്ക, അക്കച്ചി, അണ്ണൻ എന്നീ പദങ്ങൾ സഹോദരബന്ധത്തെ കാണിക്കുന്നവയാണ്. അണ്ണൻ എന്ന പദം ഭർത്തൃസൂചകമായും ഉപയോഗിച്ചുവരുന്നു. ചേട്ടൻ, ചേച്ചി എന്നിവയ്ക്കു പകരമായാണ് ഈ പദങ്ങൾ പ്രയോഗിച്ച് കാണുന്നത്. ഇതാരാണ്ടീ?, നീ ഏതാണ്ടീ?, എവിടെ പോന്നുവേ?, മാലക്ക് പോന്ന് (സന്ധ്യാസമയത്ത് പോന്ന്), തെമ്മേലേക്ക് പോന്ന് (തെക്ക് പടിഞ്ഞാറോട്ട് പോന്ന്), വടമേലേക്ക് പോന്ന് (വടക്കുപടിഞ്ഞാറോട്ട് പോന്ന്), വെട്ടാപ്പ് (ഉദയം), എരവുമാല (അസ്തമനം) എന്നിങ്ങനെയുള്ള പഴയഭാഷാപദങ്ങൾ അവരിൽ ഒരു ചെറിയ വിഭാഗം ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. ഈ പദപ്രയോഗങ്ങളിൽ തമിഴിന്റെ സ്വാധീനമാണുള്ളതെന്ന് ആവേദകർ തന്നെ പറ

യുന്നു (നാഗേന്ദ്രൻ, 85 വയസ്സ്). വേലായുധൻ, കൊച്ചാണ്ടി, കാമാണ്ടി തുടങ്ങിയ പേരുകളും ശ്രദ്ധേയങ്ങളാണ്. ആണ്ടിയാർ പടുക്കപോലുള്ള അനുഷ്ഠാനങ്ങളും സുബ്രഹ്മണ്യ സ്വാമിയിലുള്ള വിശ്വാസവും തമിഴ്സംസ്കാരത്തോടുള്ള ബന്ധത്തെക്കാണിക്കാൻ ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം തമിഴ്നാട്ടിലെ കാവേരിപ്പൂമ്പട്ടണത്തിൽ നിന്ന് കുടിയേറിയവരാണ് ആലപ്പാട്ടരയർ എന്ന ബോധത്തിന്റെ ശക്തമായ സൂചകങ്ങളാണ്.

*അരയൻ* എന്ന പേരിൽ വേലുക്കുട്ടി അരയന്റെ ജീവിതത്തെ അടയാളപ്പെടുത്തിയ ഡോ. വള്ളിക്കാവ് മോഹൻദാസും അരയഭാഷയെ വിലയിരുത്താൻ ഒരു ശ്രമം നടത്തുന്നുണ്ട്. ഭാഷയുടെ ലാളിത്യവും സൗന്ദര്യവും കൃത്യതയോടെ നിലനിർത്താൻ ശ്രമിക്കുന്നവരാണ് അരയർ എന്നു പറയുന്ന ഗ്രന്ഥകർത്താവ്, ആധുനികീകരണപ്രക്രിയയുടെ ഭാഗമായി സംഭവിച്ച ഭാഷാപരിണാമത്തെ അടയാളപ്പെടുത്തുകയും ഗ്രാമ്യഭാഷയെ പരിരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകാത്തതിൽ ഉൽകണ്ഠപ്പെടുകയും ചെയ്യുന്നു.

> "നാട്ടുപഴമയുടെ സ്വത്തായി അവശേഷിക്കുന്ന ഗ്രാമ്യഭാഷയുടെ നൈർമ്മല്യം സംരക്ഷിക്കുവാനും പരിരക്ഷിക്കുവാനുമുള്ള ശ്രമങ്ങൾ ഒന്നുംതന്നെ ആധുനികലോകം ചെയ്യുന്നുമില്ല. നാഗരികതയുടെ പ്രൗഢി തലയിലേറ്റിയിട്ടുള്ള അരയജനവിഭാഗത്തിലെ ഒരു ന്യൂനപക്ഷം പഴംഭാഷ പറയുന്ന പൂർവ്വികരെ അപരിഷ്കൃതരായി കാണുന്നുമുണ്ടാകാം. വളരെ ബോധപൂർവ്വം തങ്ങളുടെ വാമൊഴിയിൽ പഴമയുടെ മികവ് കലർന്നിട്ടില്ല എന്ന് ഇവർ - നാഗരികർ - ഉറപ്പുവരുത്തുന്നുമുണ്ടാകാം. നാട്ടുഭാഷയിൽ ഇങ്ങനെ കാണുന്ന ഈണം ഒരു ഭാഷയുടെ ഔന്നത്യത്തെയാണ് അടയാളപ്പെടുത്തുന്നതെന്ന് അവർ ഓർക്കുന്നില്ലതന്നെ'' (മോഹൻദാസ്, 2010 : 37 – 38).

അരയഭാഷാശൈലിയിലെ ഈണവും തമിഴിന്റെ സ്വാധീനവും നിരീക്ഷിക്കുന്ന ലേഖകൻ രണ്ടുതരം ഭാഷാസ്വത്വങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്. ഒന്ന് പരമ്പരാഗതമായ നാട്ടുഭാഷാസ്വത്വവും രണ്ടാമതായി മുൻചൊന്നതിനെ മോശമായി ഗണിക്കുന്ന, വരമൊഴിയോടടുക്കുവാൻ ശ്രമിക്കുന്ന ഭാഷാസ്വത്വവും.

### 5.3. സാഹിത്യം

സാഹിത്യമെന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് വാമൊഴിയായി നിലനിന്നു പോന്ന ലഭ്യമായ നാടൻ പാട്ടുകളെയാണ്. തലമുറകളായി പകർന്ന് പാടി വന്നിരുന്ന ഇത്തരം പാട്ടുകൾ ശേഖരിച്ചുവയ്ക്കുന്നതിനുള്ള ശ്രമങ്ങൾ ഏറെയൊന്നും ഇവിടെ ഉണ്ടായിട്ടില്ല. ആഘോഷവേളകളിലും തൊഴിൽ കൂട്ടായ്മകളിലും പാടി വന്ന പാട്ടുകൾ പുതുതലമുറയ്ക്ക് അന്യമായിരിക്കുന്നു. ഇന്ന് മുതിർന്ന തലമുറക്കുപോലും വളരെ വിരളമായി മാത്രമേ ഇത്തരം പാട്ടുകൾ അറിയൂ. ശേഖരിക്കാൻ കഴിഞ്ഞ പാട്ടുകൾ അനുബന്ധമായി പ്രബന്ധാവസാനം ചേർത്തിട്ടുണ്ട്. ലഭ്യമായ പാട്ടുകൾ ഓണം, മീൻപി ടുത്തം എന്നിവയുമായി ബന്ധപ്പെട്ട് പാടിയിരുന്നവയാണ്. അവയിൽ പലതും അപൂർണ്ണ ങ്ങളാണ്. ആധുനികീകരണത്തിന്റെ ഭാഗമായിവന്ന സാങ്കേതികവിദ്യകളാണ് ഒരു പരി ധിവരെ ഈ പൈതൃകസമ്പത്തിന്റെ ശോഷണത്തിനിടയാക്കിയതെന്നു കാണാം. തൊഴി ലിൽ യന്ത്രവൽക്കരണം വന്നതോടെ അധ്വാനഭാരം ലഘൂകരിക്കപ്പെട്ടു. കായികാധ്വാന ത്തിന്റെ ലാഘവത്തിനായി പാടി തലമുറകളിലൂടെ കൈമാറ്റം ചെയ്തുവന്ന പാട്ടുകൾക്ക് അതോടെ ശോഷണം സംഭവിച്ചു. പരമ്പരാഗതരീതിയിലുള്ള മീൻപിടുത്തം ഇന്നിവിടെ അപൂർവ്വമായ കാഴ്ചയാണ്.

ലഭ്യമായിട്ടുള്ള പാട്ടുകളിൽ ഒരു വിഭാഗം ഓണക്കളികളുമായി ബന്ധമുള്ളവയാ ണെന്നു കാണാം. മറ്റു സ്ഥലങ്ങളിൽ പ്രചാരത്തിലുള്ള പാട്ടുകളും ഇക്കൂട്ടത്തിലുണ്ട്. കുടമൂത്ത്, തുമ്പിതുള്ളൽ, ചെമ്പഴുക്ക, പെണ്ണുചോദ്യം, പൂപെറുക്കൽ, തിരുവാതിര, ഊഞ്ഞാലാട്ടം, പുലികളി തുടങ്ങിയ ഓണക്കളികളിൽ പലതും ഇന്നിവിടെ കാണാൻ സാധിക്കില്ല. അവയൊക്കെ ഈ പ്രദേശത്തിനന്യമായിട്ട് ഇരുപതുവർഷത്തിലേറെയായി കാണും. അയൽക്കാർ കൂട്ടം ചേർന്ന് നടത്തിയിരുന്ന ഈ കളികൾ അവരുടെ ഒത്തുചേ രലിന്റെയും പങ്കുവയ്ക്കലിന്റെയും ഇടങ്ങൾ കൂടിയായിരുന്നു. എന്നാലിന്ന് ഇത്തരം ആഘോഷങ്ങൾ ഏതാനും യുവജനസംഘടനകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കു ന്നു. കഴിഞ്ഞകാലങ്ങളിൽ കൂട്ടായ്മയുടെ ഒത്തുചേരലായിരുന്നു ഈ ആഘോഷങ്ങൾ. ഇന്ന് അത് കുടുംബം എന്ന സ്വകാര്യയിടത്തിലേക്ക് ഒതുങ്ങിയിരിക്കുന്നു. അതിൽ ദൂര

ദർശൻ പോലുള്ള ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം വളരെ വലുതാണെന്നു കാണാം. ഇവയൊക്കെ വാമൊഴിസാഹിത്യത്തിന്റെ ശോഷണത്തിനിടയാക്കിയിട്ടുണ്ട്.

'മംഗലശ്ശേരി ചെറുപണിക്കർ', 'അച്ചനും കുട്ടിയാനും' എന്നീ പേരുകളിൽ രണ്ടു വീരാപദാനകഥാഗാനങ്ങൾ ഈ പ്രദേശത്ത് പ്രചരിച്ചിരുന്നതായി വേലുക്കുട്ടി അരയന്റെ ഒരു ലേഖനത്തിൽ നിന്നു മനസ്സിലാക്കാം (1963 : 9). കരുനാഗപ്പള്ളി തീരദേശത്ത് പ്രചാരത്തിലിരുന്ന 'പാറ്' എന്ന മത്സ്യബന്ധനോപകരണത്തെക്കുറിച്ചുള്ള ചർച്ചയിലാണ് ഈ നാടൻപാട്ടുകളെക്കുറിച്ച് പരാമർശിക്കുന്നത്. ഇവയിൽ പാറിനെക്കുറിച്ചുള്ള വിവരണങ്ങൾ ഉണ്ടായിരുന്നതായി പറയുന്നു. എന്നാൽ ഈ പാട്ടുകളെക്കുറിച്ച് ആവേദകരോട് ചോദിച്ചെങ്കിലും മിക്കവർക്കും അതിനെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. ചിലർ 'അച്ചനും കുട്ടിയാനും' പാട്ട് കേട്ടിട്ടുണ്ടെങ്കിലും പകർന്നു തരാൻ അറിയുമായിരുന്നില്ല. അച്ചനെന്നും കുട്ടിയാനെന്നും പേരുള്ള അരയസഹോദരന്മാരുടെ വീരാപദാനങ്ങൾ കഥാരൂപത്തിലെങ്കിലും അറിയുന്നവരായി അപൂർവ്വം ചിലരേ ആലപ്പാട്ടുള്ളൂ[4]. തലമുറകളായി കൈമാറ്റം ചെയ്തു വന്ന ഈ നാടൻ പാട്ടുകൾ ആലപ്പാട്ടരയർക്ക് നഷ്ടമായിരിക്കുന്നു എന്നാണ് കരുതേണ്ടത്.

വാമൊഴിസാഹിത്യം ശേഖരിച്ചു വയ്ക്കുന്നതിനുള്ള ശ്രമങ്ങൾ വേലുക്കുട്ടി അരയന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അദ്ദേഹം 'അച്ചനും കുട്ടിയാനും' എന്ന കഥാഗാനത്തിന്റെ കുറെ ഭാഗങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. 'അരയപുരാണം വടക്കൻപാട്ട് 'എന്ന ഉപശീർഷകത്തോടെ, 1932 – ൽ അരയൻ പ്രസ്സിൽ നിന്നാണ് *അച്ചനുംകുട്ടിയാനും* ഒന്നാംഭാഗം പ്രസിദ്ധപ്പെടുത്തിയത്. വടക്കൻപാട്ടിന്റെ ശൈലിയിൽ പാടിവന്നിരുന്നതുകൊണ്ടാവാം ഉപശീർഷകത്തിൽ വടക്കൻപാട്ട് എന്ന് പ്രയോഗിച്ചു കാണുന്നത്. ഈ കഥയെ ഉപജീവിച്ചുകൊണ്ട് 2007 – ൽ ഒരു കൃതികൂടി പുറത്തിറങ്ങുകയുണ്ടായി. *അച്ചനും കുട്ടിയാനും – ഒരു പഴങ്കഥപാട്ട്* എന്ന പേരിൽ എം. എസ്. രുദ്രൻ രചിച്ച ഈ കാവ്യം ഇതിവൃത്തത്തിന്റെ കാര്യത്തിൽ നാടോടിസംസ്കൃതിയെ പിൻപറ്റുന്നുണ്ടെങ്കിലും ഒരു സ്വതന്ത്രാവിഷ്കാരമാണെന്ന് കാണാം. 'അച്ചനും കുട്ടിയാനും' എന്ന കഥാഗാനത്തെ, കഥാരൂപത്തിലെങ്കിലും പിൻതുടരുന്നതിനുള്ള ശ്രമങ്ങൾ ഇത്രയെങ്കിലും ഉണ്ടായി എന്നത് പാരമ്പര്യം നിലനിർത്താനാഗ്രഹിക്കുന്നവർക്ക് ആശ്വാസ

കരമാണ്. വേലുക്കുട്ടി അരയന്റെ ലേഖനത്തിന്റെ പരാമർശമല്ലാതെ മംഗലശ്ശേരി ചെറു പണിക്കർ എന്ന കഥാഗാനം ആവേദകരുടെ ഓർമ്മകളിൽ പോലുമില്ല. പാരമ്പര്യ സമൂഹ ത്തിന്റെയും സംസ്കാരത്തിന്റെയും ഈടുവയ്പ്പുകളായ ഈ നാടൻപാട്ടുകളെ കാത്തു സംരക്ഷിക്കുകയും പാരമ്പര്യവാഹകരായി വർത്തിക്കുകയും ചെയ്യുന്നതിൽ ആലപ്പാട്ട രയൻ വരുത്തിയ അനാസ്ഥയാണ് ഇതിലൂടെ വ്യക്തമാകുന്നത്.

**5.4 സുനാമി ദുരന്തം**

ആലപ്പാട്ടരയരുടെ സമകാലികതയെയും സ്വത്വത്തെയും അടയാളപ്പെടുത്തുന്ന തിന് 2004 ഡിസംബർ 26 ന് ഉണ്ടായ സുനാമി[5] ഒരു നിർണ്ണായകഘടകമാണ്.സുനാമി ത്തിരകൾ കേരളത്തിൽ ഏറ്റവും കൂടുതൽ വിനാശകാരിയായത് ഈ പ്രദേശത്തായിരു ന്നു. ഭൂകമ്പം[6] എന്ന വാക്ക് കേരളീയർക്ക് പരിചിതമാണെങ്കിലും സുനാമി ഉണ്ടാകുന്ന തുവരെ ആ പ്രതിഭാസം ബഹുഭൂരിപക്ഷത്തിനും അപരിചിതമായിരുന്നു. സമുദ്രാന്തർഭാ ഗത്തുണ്ടാകുന്ന ഭൂകമ്പമാണ് സുനാമിക്ക് കാരണമാകുന്നത്. 2004 ഡിസംബർ - 26 - ന് ഇന്ത്യൻ മഹാസമുദ്രത്തിലെ സുമാത്രയിൽ നിന്നുത്ഭവിച്ച സുനാമി കേരളത്തീര ത്തെയാകെ ദോഷകരമായി ബാധിച്ചു. എങ്കിലും അത് തീവ്രമായി അനുഭവപ്പെട്ടത് ആലപ്പാട്ടുഗ്രാമത്തിലായിരുന്നു.

> "ഏറ്റവും ശക്തമായ രീതിയിൽ അനുഭവപ്പെട്ടത് 10 കി.മീ.നീളത്തിൽ അഴീക്കൽ ഭാഗത്താണ്. വെള്ളം ഉയർന്നുപൊങ്ങിയതും കൂടുതൽ കരയിലേക്ക് കയറിയതും നാശങ്ങൾ വിതച്ചതും കായംകുളം അഴി മുഖത്തിന്റെ 3 കി.മീ.വടക്കും 7കി.മീ.തെക്കും ഭാഗത്താണ്. 1.5 കി.മീ. തീരത്തിന്റെ ഉള്ളിലേക്ക് കടൽ ഇരമ്പിക്കയറി. അഴീക്കലിൽ ഉച്ചയ്ക്ക് 12.30 - നാണ് ആദ്യതിര പ്രത്യക്ഷപ്പെട്ടത്. പത്തു പതിനഞ്ച് മിനിറ്റ് ഒരു ട്രെയിൻ വരുന്നതുപോലെ തിരമാലകൾ അടിച്ചുകയറി. ഒരു മണിയായപ്പോഴേക്കും കടൽ 1 കി.മീ.പിൻവാങ്ങി. 1.10 നാണ് ഏറ്റവും ശക്തമായ അല അടിച്ചത്. തിരമാലയുടെ ഉയരം ഏതാണ്ട് 5 മീ. ഉണ്ടെന്ന് കരുതുന്നു" (ശ്രീകുമാർ, 2006 : 55).

അവിടത്തെ ആവാസവ്യവസ്ഥ പൂർണ്ണമായും തകർന്നിരുന്നു. സുനാമിയുടെ പ്രഹരം ഏറ്റുവാങ്ങിയ ആലപ്പാട്ടരയരുടെ ജീവിതത്തെ സുനാമിയ്ക്ക് മുൻപെന്നും സുനാമിയ്ക്ക് പിൻപെന്നും വേർതിരിച്ചു കാണാവുന്നതാണ്. സർക്കാരിന്റെയും വിവിധ സന്നദ്ധസം ഘടനകളുടേയും പ്രവർത്തനങ്ങൾ ഒരു പരിധിവരെ ഈ പ്രദേശത്തെ പുനർനിർമ്മി ക്കുകയും ജനങ്ങൾക്ക് ജീവിതസാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും ചെയ്തു. ഭൗതി കസാഹര്യങ്ങൾ ലഭ്യമായെങ്കിലും അവരുടെ സാമൂഹിക - സാംസ്കാരികജീവിതത്തിൽ വളരെയധികം മാറ്റങ്ങൾ സംഭവിച്ചു. മാറിയ ജീവിതശൈലിയുമായി പൊരുത്തപ്പെടാൻ വർഷങ്ങൾതന്നെ അവർക്ക് വേണ്ടിവന്നു. സുനാമി ദുരന്തത്തെയും അനന്തരജീവിത ത്തെയും കുറിച്ചുള്ള ആവേദകമൊഴികളിൽ ചിലതാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

ജോലികഴിഞ്ഞ് വിശ്രമിക്കാനായി കടൽപ്പുറത്തിരുന്ന വേളയിലാണ് സുനാമിയടിച്ചതെന്ന് ഒരു ആവേദകൻ പറയുന്നു. ഡിങ്കിവള്ളത്തിൽ രാവിലെ ജോലിചെയ്ത് അവിടെ യക്ഷിയമ്പലത്തിൽ നടന്ന കഞ്ഞിസദ്യയിൽ പങ്കെടുത്തശേഷമാണ് അദ്ദേഹം അവിടെ വന്നിരുന്നത്. ഒരു തെങ്ങിൽ പിടിച്ചുകിടന്ന് സുനാമിയിൽനിന്ന് രക്ഷപ്പെട്ട അദ്ദേഹം പത്തുമിനിട്ടോളം വെള്ളത്തിനടിയിലായിരുന്ന അനുഭവം പങ്കുവയ്ക്കുന്നു (പാഠം - 125).

ദുരന്താനുഭവം വിവരിക്കുന്ന ആവേദകൻ നിസ്സംഗതയോടെയാണത് പറയുന്ന ത്. ജീവിതത്തെ ബാധിച്ചിരിക്കുന്ന ഒരുതരം മരവിപ്പ്/അരക്ഷിതാവസ്ഥ ആ പറച്ചിൽ ഉൾക്കൊള്ളുന്നുണ്ട്. അരനൂറ്റാണ്ടിലേറെക്കാലമായി പ്രതികൂലസാഹചര്യങ്ങളോട് കല ഹിച്ചുകൊണ്ട് അതിനെ അതിജീവിച്ച് മത്സ്യബന്ധനം നടത്തി വന്നിരുന്നവർ സുനാമി ദുരന്തത്തെ എങ്ങനെ ഉൾക്കൊണ്ടു എന്നതിന്റെ സൂചകമായി ഈ മൊഴിയെ വിലയിരു ത്താം.

സുനാമിക്കുശേഷം ജീവിതരീതിയും സംസ്കാരവും മാറിയതായി മറ്റൊരാവേദകൻ പറയുന്നു. 'തനതായതിലാശ്രയിക്കുകിൽ, കുനിയാതെങ്ങുമുയർന്നു നിന്നിടാം' എന്ന സ്വകവിതയിലെ ഈരടി ഉപയോഗിച്ചുകൊണ്ട്, ആ ദുരന്തം ആലപ്പാട്ടരയരുടെ ജീവിതത്തിലുണ്ടാക്കിയ മൂല്യച്യുതിയെ വിലയിരുത്തുന്നു (പാഠം - 126).

സുനാമിയനന്തരജീവിതത്തിൽ ഈ കൂട്ടായ്മയിലെ ഒരു വിഭാഗത്തിന് സംഭവിച്ച മൂല്യച്യുതിയാണ് ഈ മൊഴിയിൽ സൂചിതമാകുന്നത്. അതുവരെ വച്ചുപുലർത്തിയിരുന്ന മാനാഭിമാനസങ്കല്പനത്തിന് മാറ്റമുണ്ടായതായി പറയുന്നു. തുച്ഛമായ വരുമാനത്തിനുള്ളിലൊതുങ്ങി ദാരിദ്ര്യം അയൽവാസികളെപ്പോലും അറിയിക്കാതെ ആത്മാഭിമാനികളായി കഴിഞ്ഞിരുന്നവരിൽ ഭൂരിപക്ഷവും ഇന്ന് വെറുതെ ലഭിക്കുന്നതെന്തും അത് ഉപയോഗപ്രദമല്ലെങ്കിൽ കൂടിയും കൈനീട്ടി വാങ്ങുന്ന മനോഭാവത്തിലേക്ക് മാറിയിരിക്കുന്നു. അത് സമൂഹത്തിലുണ്ടായിരിക്കുന്ന സാംസ്കാരികാപചയത്തിന്റെ സൂചകമായിക്കാണാം. സ്വാഭിപ്രായം പറഞ്ഞുറപ്പിക്കുന്നതിന് കവികൂടിയായ ആവേദകൻ ഈരടികൾ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.

സുനാമിയിൽ ഒരുപാട് കഷ്ടനഷ്ടങ്ങളുണ്ടായെങ്കിലും ആലപ്പാടിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതിന് അത് നിമിത്തമായെന്ന് നിരീക്ഷിക്കുന്നവരും അവർക്കിടയിൽ തന്നെയുണ്ട്. അടുത്ത കാലത്തുണ്ടായ അഴീക്കൽ മത്സ്യബന്ധന തുറമുഖവും സാമ്പത്തികസ്ഥിതി ഉയരുന്നതിന് കാരണമായി. എന്നാൽ അത് ആഡംബരപ്രകടനത്തിലേയ്ക്കും മദ്യപാനാസക്തിയിലേയ്ക്കും ജനങ്ങളെ നയിച്ചു. ഇങ്ങനെ പാരമ്പര്യത്തിലും സംസ്കാരത്തിലും അപചയമുണ്ടായതായി, പുനരധിവാസപ്രവർത്തനങ്ങളിൽ പങ്കാളികൂടിയായ ആവേദകൻ അഭിപ്രായപ്പെടുന്നു (പാഠം - 127).

സുനാമി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആലപ്പാടിന്റെ സാമ്പത്തികസ്ഥിതി ഉയരുന്നതിനിടയാക്കിയെന്ന് ഈ മൊഴിയിൽ നിന്നുമനസ്സിലാക്കാം. അത് ആഡംബരഭ്രമത്തിലേക്കും മദ്യപാനശീലത്തിലേക്കും ജനങ്ങളെ നയിച്ചു. ഭൗതികവസ്തുക്കളോട് അവർ കാണിക്കുന്ന ആർത്തി ദുരന്തത്തിൽനിന്നു തിരിച്ചുപിടിച്ച ജീവിതത്തോടുള്ള ആസക്തിയായി വ്യാഖ്യാനിക്കാം.

പുനരധിവാസപ്രവർത്തനങ്ങളിൽ പങ്കെടുത്ത ഒര് ആവേദകൻ ജനങ്ങളുടെ മാനസികാവസ്ഥയിൽ വന്ന മാറ്റങ്ങളെ വിശകലനം ചെയ്യുന്നു. ഇരുപത്തിരണ്ടിലധികം സംഘടനകൾ പ്രദേശത്ത് പ്രവർത്തനം നടത്തുകയുണ്ടായി. ഇവയിൽ വേൾഡ് വിഷൻ, ക്യൂ. എസ്. എസ്., തീരം, സഹായി, അമൃതാനന്ദമയിമഠം എന്നിവയാണ് വലിയ

തോതിൽ ജനങ്ങളെ സഹായിച്ചത്. ഈ സംഘടനകളുടെയും സർക്കാരിന്റെയും സഹായത്താൽ ജീവിതത്തിലെ അവശ്യസാമഗ്രികളെല്ലാം ലഭിച്ച ഇവരിൽ മദ്യാസക്തി വർദ്ധിക്കുന്നതായി ആവേദകൻ നിരീക്ഷിക്കുന്നു (പാഠം - 128).

പുനരധിവാസപ്രവർത്തനങ്ങളിൽ പങ്കാളികളായ ചില സന്നദ്ധസംഘടനകളെക്കുറിച്ചുള്ള സൂചനകൾ ഈ മൊഴി നൽകുന്നുണ്ട്. ജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന സങ്കുചിതമനോഭാവത്തെയും അമിതമദ്യപാനത്തിലേക്കു നയിക്കുന്ന കാരണങ്ങളെയും ഇതിൽനിന്നും വായിച്ചെടുക്കാം. വീടുകൾക്കിടയിൽ ഇപ്പോൾ സർവ്വസാധാരണമായിരിക്കുന്ന മതിലുകളും വേലിക്കെട്ടുകളും ജനങ്ങളിൽ ഏറിവരുന്ന സങ്കുചിതമനോഭാവത്തിന്റെ അടയാളമായി ആവേദകൻ നിരീക്ഷിക്കുന്നു. വീടുകൾക്കിടയിലൂടെ കയറിയിറങ്ങി സ്വതന്ത്രമായി സഞ്ചരിച്ചിരുന്ന അവസ്ഥയിൽ നിന്നും ചുറ്റുമതിലിനു വെളിയിലെ നിശ്ചിതപാതയിലൂടെ മാത്രം ചരിക്കുന്ന അവസ്ഥയിലേയ്ക്ക് ആലപ്പാട്ടരയരുടെ ജീവിതം മാറിയിരിക്കുന്നു. ഒരു കൂട്ടായ്മ എന്നതിൽനിന്ന് ഒറ്റയൊറ്റ കുടുംബങ്ങളിലേയ്ക്കുള്ള പരിണാമമായി ഇതിനെ വ്യാഖ്യാനിക്കാം. സുനാമിദുരന്തത്തിന്റെ പരിണിതഫലമായി സങ്കുചിതമനോഭാവത്തെ കാണുന്ന ആവേദകൻ അപ്രതീക്ഷിതമായി സാമ്പത്തികസ്ഥിതിയിലുണ്ടായ ഉയർച്ചയുടെ പ്രത്യാഘാതമായി അമിതമദ്യാസക്തിയെ വിലയിരുത്തുന്നു. പതിനേഴരകിലോമീറ്റർ ദൈർഘ്യമുള്ള ഈ പ്രദേശത്ത് അംഗീകൃത മദ്യശാലകളൊന്നും സ്ഥിതിചെയ്യുന്നില്ലെന്ന വസ്തുത ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്.

സുനാമിയ്ക്കുശേഷം കുറെ ആളുകൾ വിഷാദരോഗികളായി മാറിയതായി ആവേദകർ പറയുന്നു. ഒരു വിഭാഗത്തിന് വിഭ്രാന്തി പ്രകടമാകുകയും ഉറക്കം നഷ്ടപ്പെടുകയും ചെയ്തു. ഇത്തരം അസ്വസ്ഥതകൾ പ്രകടമാക്കിയവരിലേറെയും സ്ത്രീകളും കുട്ടികളുമാണ്. ഡോക്ടറുടെയും കൗൺസിലിംഗിന്റെയും സഹായത്താൽ ആ അവസ്ഥയിൽനിന്നും അവർ ഒരു പരിധിവരെ മോചിതരായതായി ആവേദകർ നിരീക്ഷിക്കുന്നു (പാഠം - 129 - 130).

സുനാമിയ്ക്കുശേഷം സമൂഹത്തിൽ ഒരു വിഭാഗത്തെ ബാധിച്ച മാനസിക വിഭ്രാന്തി ഈ മൊഴികൾ അടയാളപ്പെടുത്തുന്നുണ്ട്. അത് ചിലരിൽ വിഷാദരോഗ

മായും മറ്റു ചിലരിൽ ബാഹ്യപ്രകടനങ്ങളായും കാണപ്പെട്ടു. സ്ത്രീകളും കുട്ടികളുമാണ് ഏറെയും ഇത്തരം സ്വഭാവങ്ങൾക്കടിപ്പെട്ടത്. സന്നദ്ധസംഘടനകളുടെയും മറ്റും നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളുമാണ് അവരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വന്നത്.

കടൽത്തീരത്തോടു ചേർന്ന് റോഡിനു പടിഞ്ഞാറുവശത്തായി വീടുനിർമ്മിക്കേണ്ടയെന്ന സർക്കാർ തീരുമാനം ജനങ്ങളെ ഒഴിപ്പിച്ച് കരിമണൽ ഖനനം സുഗമമാക്കുന്നതിനുള്ള തന്ത്രമായും ആവേദകൻ നിരീക്ഷിക്കുന്നു (പാഠം - 123). വൈദ്യശാസ്ത്രസംബന്ധമായ അറിവും സൂക്ഷ്മതയും സാമൂഹികബോധവും ആ മൊഴികളിൽ നിന്ന് വായിച്ചെടുക്കാം.

സുനാമിദുരന്തം വരുത്തിയ പരിണാമങ്ങളെ കുറിച്ചാണ് അതിന് ഇരകളാകാത്ത സമീപവാസികൾ പറയുന്നത്. അത് ആളുകളുടെ മാനസികാവസ്ഥയെയും ആലപ്പാടു പ്രദേശത്തെയും വലിയതോതിൽ മാറ്റിത്തീർത്തു. സന്നദ്ധപ്രവർത്തകരുടെ ഇടപെടലുകൾ ജനങ്ങളെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ ആയെങ്കിലും കടൽ കയറ്റമെന്ന വാക്ക് ഇപ്പോഴും അവരുടെ ഉറക്കം കെടുത്തുന്നതായി ആവേദകർ നിരീക്ഷിക്കുന്നു (പാഠം - 131 - 132).

സുനാമിയനന്തര ജീവിതത്തെക്കുറിച്ച് അന്യദേശവാസിയായ അരയനും (പാഠം - 131) ഈഴവസമുദായത്തിലുൾപ്പെട്ട ആവേദകയും (പാഠം - 132) നൽകിയ മൊഴികളാണ് മുകളിൽ വിവരിച്ചത്. സുനാമിദുരന്തം മനുഷ്യനും മണ്ണിനും ഉണ്ടാക്കിയ ആഘാതവും പരിണാമവും ഈ മൊഴികളിൽ സൂചിതമാകുന്നുണ്ട്. ജീവിതഗതിയെ തന്നെ മാറ്റിമറിക്കുന്ന ഇത്തരം ദുരന്തങ്ങൾ ഇനി ആവർത്തിക്കല്ലേ എന്നാണ് ആവേദകന്റെ പ്രാർത്ഥന (പാഠം - 131). സുനാമിയ്ക്കുശേഷം ജീവിതം മെച്ചപ്പെടുത്താനായി ഗവൺമെന്റും മറ്റു സന്നദ്ധ സംഘടനകളും സഹായങ്ങൾ നൽകിയപ്പോൾ പലരും അനർഹമായ രീതിയിൽ അവ സ്വീകരിച്ചതായുള്ള സൂചന ഇരുപാഠങ്ങളും നൽകുന്നുണ്ട്.

പുനർനിർമ്മിച്ചിരിക്കുന്ന പ്രദേശവും ജീവിതവും മുൻകാലത്തിൽ നിന്നും ഏറെ വ്യത്യസ്തമായി ആവേദകർക്ക് അനുഭവപ്പെടുന്നു. ഈ ദുരന്തം മുൻകാലജീവിതത്തിൽ

നിന്നും വ്യത്യസ്തമായ കാഴ്ചപ്പാടികളിലേക്ക് ആലപ്പാട്ടരയരെ മാറ്റിയിരിക്കുന്നു. പരമ്പരയാ പിൻതുടർന്നുപോരുന്ന സാംസ്കാരിക സവിശേഷതകളുടെ പരിണാമം സ്വത്വബോധത്തെയും സ്വാധീനിക്കുന്നു. തീരെ സുപരിചിതമല്ലാത്ത ഒരു പ്രകൃതിപ്രതിഭാസം ഏൽപ്പിച്ച ദുരന്തത്തെ അതിജീവിക്കാനുള്ള ശ്രമത്തിനിടയിൽ, തലമുറകളായി കൈമാറിവന്ന ജീവിതചര്യയിൽ മാറ്റങ്ങളുണ്ടായതായി വാമൊഴി പാഠങ്ങളിൽ നിന്നും മനസ്സിലാക്കാം. എന്നാൽ ഈ സാംസ്കാരിക വ്യതിയാനത്തെ തിരിച്ചറിയുകയും പ്രതികരിക്കുകയും പാരമ്പര്യവാഹകരായി നിലകൊള്ളുകയും ചെയ്യുന്ന ഒരു വിഭാഗം അവർക്കിടയിൽ തന്നെയുണ്ടെന്നതിന്റെ തെളിവുകൂടിയാകുന്നു ആവേദകമൊഴികൾ. ആലപ്പാട്ടരയന്റെ സമകാലജീവീതത്തിലും സ്വത്വരൂപീകരണത്തിലും സുനാമിദുരന്തം ഒരു നിർണ്ണായകഘടകമായി വർത്തിക്കുന്നുവെന്ന് ഈ മൊഴിപാഠങ്ങൾ അടയാളപ്പെടുത്തുന്നു.

### 5.5. സമകാലികതയും സ്വത്വരൂപീകരണവും

ആലപ്പാട്ടരയരുടെ സ്വത്വത്തെയും സമകാലികജീവിതത്തെയും രൂപപ്പെടുത്തുന്നതിൽ പാരമ്പര്യഘടകങ്ങൾ അന്തർധാരയായി പ്രവർത്തിക്കുന്നുണ്ടെന്ന് കാണാം. മുൻ അധ്യായത്തിൽ ചർച്ചചെയ്ത ജീവിതവും സംസ്കാരവുമായി ബന്ധപ്പെട്ട സവിശേഷതകളെല്ലാം അതിൽ ഉൾച്ചേർന്നിരിക്കുന്നു. ഭൗതിക ജീവിതസാഹചര്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംബന്ധിച്ച വാമൊഴിപാഠങ്ങളിലൂടെ ഈ കൂട്ടായ്മയിൽ ഒരു നൂറ്റാണ്ടിലേറെയുണ്ടായ പരിണാമങ്ങളെ വിശകലന വിധേയമാക്കി. കാലാകാലങ്ങളിൽ സംഭവിച്ചുകൊണ്ടിരുന്ന ദേശീയചലനങ്ങൾ അരയസ്വത്വത്തിലും സ്വാധീനം ചെലുത്തി. ഫ്യൂഡലിസത്തിൽ നിന്നും ജനാധിപത്യക്രമത്തിലേക്കുള്ള മാറ്റവും നവോത്ഥാനപ്രക്രിയയുടെ ഫലമായുണ്ടായ സമുദായ പരിഷ്കരണശ്രമങ്ങളും ഇവയിൽ പ്രാധാന്യമർഹിക്കുന്നു. കരിമണൽ ഖനനം, കടൽ കയറ്റം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ അവരുടെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്നു. അപ്രതീക്ഷിതമായുണ്ടായ സുനാമിദുരന്തമാകട്ടെ ആവാസവ്യവസ്ഥയെ തന്നെ പുനർനിർമ്മിച്ചിരിക്കുന്നു. ഇവയെല്ലാംതന്നെ അവരുടെ ജീവിതത്തിലും സംസ്കാരത്തിലും പല പരിവർത്തനങ്ങൾക്കും നിമിത്തമായി. ആലപ്പാട്ടരയരുടെ സമകാലജീവിതത്തെയും സ്വത്വ

ത്തെയും രൂപപ്പെടുത്തുന്നതിൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കുള്ള സ്ഥാനം ഒഴിവാക്കാനാവാത്തതാണ്.

'സ്ഥാനി'കളിൽ നിന്ന് 'കരയോഗ'ങ്ങളിലേക്കും 'മരയ്ക്കാ'നിൽ നിന്ന് 'അരയനി'ലേക്കും 'മരയ്ക്കാ'നിൽ നിന്ന് 'മത്സ്യതൊഴിലാളി'യിലേയ്ക്കുമുള്ള മാറ്റം സ്വത്വരൂപീകരണത്തിലെ നിർണ്ണയനങ്ങളാണ്. വലിയ അരയൻ അല്ലെങ്കിൽ വലിയ അച്ചൻ എന്ന ഫ്യൂഡൽ സ്വഭാവമുള്ള സ്ഥാനികൾ ഇല്ലാതാവുകയും തൽസ്ഥാനത്ത് ജനാധിപത്യക്രമം പാലിക്കുന്ന കരയോഗങ്ങൾ നിലവിൽ വരികയും ചെയ്തു. മരയ്ക്കാൻ തുടങ്ങിയുള്ള ജാതിക്കൂട്ടായ്മകളിൽ നിന്ന് അരയസമുദായത്തിലേയ്ക്കുള്ള പരിണാമവും മീൻ പിടിക്കുന്ന മരയ്ക്കാനിൽ നിന്ന് മത്സ്യത്തൊഴിലാളിയിലേയ്ക്കുള്ള പരിണാമവും ആധുനികീകരണത്തിന്റെ ഫലമായി സംഭവിച്ചവയാണ്.

സമുദായ പരിഷ്കരണശ്രമങ്ങൾ കൂട്ടായ്മയിലുണ്ടാക്കിയ സ്വാധീനം അവരുടെ ജീവിതചര്യകളിലും പ്രകടമായി. ആഹാരം, വസ്ത്രം എന്നീ പ്രാഥമിക ഘടകങ്ങളും ആചാരാനുഷ്ഠാനങ്ങളും എല്ലാം തന്നെ പരിണാമത്തിന് വിധേയമായി. ആചാരാനുഷ്ഠാനങ്ങളിൽ ചിലത് ഇല്ലാതാകുകയും മറ്റുള്ളവ കാലികമായ മാറ്റങ്ങളോടെ പിൻതുടർന്നു പോരുകയും ചെയ്യുന്നു. പുകയിലവയ്പ്പ്, മണ്ണാത്തിമാറ്റ്, കടലേറ്റ് കല്യാണം, താലികെട്ട്, പുളികുടി തുടങ്ങിയവയില്ലാതായി. വിവാഹം, ജനനം എന്നിവയോടു ബന്ധപ്പെട്ട ചടങ്ങുകൾ, പരിശംവയ്പ്പ് പോലുള്ള അനുഷ്ഠാനങ്ങൾ, ക്ഷേത്രോത്സവങ്ങൾ എന്നിവ കൂടുതൽ ആഡംബരപൂർവ്വം നടന്നുവരുന്നു. സാമ്പത്തിക സ്ഥിതിയിലെ ഉയർച്ചയും പാരമ്പര്യത്തോടുള്ള അഭിനിവേശവും ഈ ആഘോഷപരതയിൽ അന്തർലീനമായിട്ടുണ്ടെന്നു കാണാം. പരിശംവയ്പ്പിന് ഇപ്പോൾ ലഭിക്കുന്ന സ്വീകാര്യത, അതിനു നിദർശനമാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ പൂർവ്വപാദത്തിൽ വളരെ കുറച്ചാളുകൾ മാത്രം പങ്കെടുത്തിരുന്ന ചടങ്ങായിരുന്നുവെങ്കിൽ അത് ക്രമേണ വർദ്ധിച്ച് അനേകർ വ്രതനിഷ്ഠയോടെ ഇപ്പോൾ അനുഷ്ഠിക്കുന്നു. യാത്രാസൗകര്യങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതിയോടൊപ്പം പ്രദേശവാസികൾക്കിടയിൽ വർദ്ധിച്ചുവരുന്ന പാരമ്പര്യത്തോടുള്ള അഭിനിവേശവും ഈ സ്വീകാര്യതയ്ക്കിടയാക്കിയിട്ടുണ്ട്. ആലപ്പാട്ടരയരുടെ ചരിത്രത്തെയും ഐതിഹ്യത്തെയും കുറിച്ച് തദ്ദേശീയർ എഴുതിയുള്ള പുസ്തകങ്ങളുടെ പ്രചാരവും സമുദായമൈത്രി വളർത്തുന്നതിനും ഇത്തരം ചടങ്ങുകളിലേക്ക് ആകൃഷ്ടരാകുന്നതിനും

നിമിത്തമായിട്ടുണ്ടെന്ന് കാണാം. അതുപോലെ പൊതുസമൂഹത്തിൽ ഇടപ്പെട്ടിരുന്ന യുവതലമുറ മുൻകാലങ്ങളിൽ ജാതിസ്വത്വത്തെ മറച്ചുപിടിക്കുന്നതിനുള്ള വ്യഗ്രത കാട്ടിയിരുന്നു. എന്നാൽ ഇന്നാകട്ടെ അവർ പാരമ്പര്യത്തെ അറിയാൻ ശ്രമിക്കുകയും അത് പ്രകടമാക്കുകയും ചെയ്യുന്നു. ഓർക്കൂട്ട്, ഫെയ്സ്ബുക്ക് തുടങ്ങിയ സാമൂഹിക ശൃംഖലാ വെബ്സൈറ്റുകളിൽ രൂപംകൊള്ളുന്ന അരയകൂട്ടായ്മകൾ[7] (ചിത്രം 16, 17) ഇതിന്റെ അടയാളങ്ങളാണ്.

പാരമ്പര്യത്തൊഴിലിലെ യന്ത്രവൽക്കരണം അരയസ്വത്വത്തെ സ്വാധീനിക്കുകയുണ്ടായി. ഏതു നിരക്ഷരനും പണിയെടുക്കാവുന്ന അവസ്ഥയിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവും നേടിയവർക്കുമാത്രം ജോലിചെയ്യാൻ കഴിയുന്ന ഒരു മേഖലയായി മത്സ്യബന്ധനവും മാറിയിരിക്കുന്നു. യന്ത്രവൽകൃതബോട്ടുകളിൽ ഉപയോഗിക്കുന്ന എക്കോസൗണ്ടർ, കോമ്പസ്, വയർലെസ്, ജി.പി.എസ്. തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സാങ്കേതികപരിജ്ഞാനം ആവശ്യമാണ്. ആധുനികീകരണപ്രക്രിയയുടെ ഭാഗമായ ഇത്തരം പരിവർത്തനങ്ങളും അരയസ്വത്വത്തെ സ്വാധീനിക്കുന്നു.

കരിമണൽ, അമൃതാനന്ദമയിമഠം, സുനാമിദുരന്തം എന്നിവയാൽ ലോകശ്രദ്ധ നേടിയ ഈ പ്രദേശത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച ആശങ്കകളും ആവേദകർ പങ്കുവയ്ക്കുന്നുണ്ട്. കടലിനും കായലിനും ഇടയിലായി നിലകൊള്ളുന്ന ഈ സ്ഥലത്തിന്റെ കുറഞ്ഞ വീതി വെറും മുപ്പതുമീറ്റർ മാത്രമാണ്. ഇടയ്ക്കിടെയുണ്ടാകുന്ന കടൽക്ഷോഭംതന്നെ അവരെ ആശങ്കാകുലരാക്കുമ്പോൾ, ഇനിയൊരു സുനാമിദുരന്തത്തെ അതിജീവിക്കാൻ ആലപ്പാടിനാകുമോ എന്ന സന്ദേഹവും ഇവരിൽ സ്വാധീനം ചെലുത്തുന്നു.

**കുറിപ്പുകൾ**

1. One’s identity is defined as the totality of one’s self-construal, in which how one construes oneself in the present expresses the continuity between how one construes oneself as one was in the past and how one construes oneself as one aspires to the future.

2. That is, identities are wholly social constructions and cannot 'exist' outside of cultural representations and acculturalization.

3. അമരം (ഭരതൻ - 1991), ചമയം (ഭരതൻ - 1993), തുമ്പോളിക്കടപ്പുറം (ജയരാജ് - 1995), തിരകൾക്കപ്പുറം (അനിൽ ആദിത്യൻ - 1998), ചാന്തുപൊട്ട് (ലാൽജോസ് - 2005), പുതിയതീരങ്ങൾ (സത്യൻ അന്തിക്കാട് - 2012) തുടങ്ങിയുള്ള സിനിമകൾ.

4. കഥയ്ക്ക് അനുബന്ധം കാണുക.

5. സുനാമി എന്ന ജാപ്പനീസ് വാക്കിനർത്ഥം തുറമുഖത്തിരമാലകൾ (Harbour waves)എന്നാണ്. സമുദ്രാന്തർഭാഗത്തെ ഭൂകമ്പമാണ് സുനാമി ഉണ്ടാകുന്നതിന് പ്രധാന കാരണം. ഭൂകമ്പമുണ്ടാകുമ്പോൾ ഭൗമപാളികൾ തെന്നിമാറുകയും ഒരു പാളി ഉയർന്നുപൊങ്ങുകയും ചെയ്യുന്നു. ഈ വേളയിൽ വശങ്ങളിലേക്കു തള്ളുന്ന വെള്ളമാണ് അപകടകാരികളായ വൻതിരകളായി കരയിലേയ്ക്കടിക്കുന്നത്. ഇന്ത്യൻ മഹാസമുദ്രത്തിന്റെ വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന സുമാത്രയിൽ 2004 ഡിസംബർ 26 – ന് ഉണ്ടായ ഭൂകമ്പമാണ് (റിക്ടർസ്കെയിലിൽ വ്യാപ്തി - 9) സുനാമിയ്ക്ക് കാരണമായത്. ഈ തിരകൾ ഇന്ത്യോനേഷ്യ, ആന്റമാൻ നിക്കോബർ, ശ്രീലങ്ക, തായ്‌ലന്റ്, ഇന്ത്യ തുടങ്ങിയ സ്ഥലങ്ങളിൽ വൻദുരന്തങ്ങൾക്ക് കാരണമായി (ശ്രീകുമാർ, 2006 : 48 – 50).

6. ഭൂകമ്പം, സുനാമി തുടങ്ങിയ ഭൗമപ്രതിഭാസങ്ങൾ ആവാസവ്യവസ്ഥയെയാകെ തകർക്കുന്നവയാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യയിലെ വിവിധയിടങ്ങളിലായി ശക്തമായ എട്ടു ഭൂകമ്പങ്ങൾ ഉണ്ടായിട്ടുണ്ട്. കാൻഗ്ര (ഹിമാചൽപ്രദേശ് - 1905), ബീഹാർ (1934), ആസാം (1950), കൊയ്ന (മഹാരാഷ്ട്ര - 1967), ബീഹാർ (1988), ഉത്തരകാശി (ഉത്തർപ്രദേശ് - 1991), ലത്തൂർ (മഹാരാഷ്ട്ര - 1993), കച്ച്, ഭുജ് (ഗുജറാത്ത് - 2001) എന്നിവയാണവ. കേരളത്തിലും കഴിഞ്ഞകാലങ്ങളിൽ തീവ്രത കുറഞ്ഞ ഭൂകമ്പങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പാല (1953), കോട്ടുളി (1984), വടക്കാഞ്ചേരി (1953), ചാവക്കാട് (1993), പുനലൂർ (1993), ദേശമംഗലം (1994), വടകര (2000), ഈരാറ്റുപേട്ട (2000), തലശ്ശേരി (2003) തുടങ്ങിയ പ്രദേശങ്ങളിൽ ഇടത്തരം തോതിലുള്ള ഭൂകമ്പങ്ങൾ ഉണ്ടായതായിക്കാണുന്നു. കേരളത്തിൽ 6.1 വരെ വ്യാപ്തിയുള്ള ഭൂകമ്പങ്ങൾക്ക് സാധ്യതയുള്ളതായി പഠനങ്ങൾ പറയുന്നു. റിക്ടർ സ്കെയിലിൽ 2 വരെ തീവ്രതയുള്ള ഭൂകമ്പങ്ങൾ അനുഭവവേദ്യമല്ല. 5 – 6 ൽ എത്തുമ്പോൾ നാശങ്ങളുടെ തോത് വർദ്ധിക്കുകയും 7 ന് മുകളിൽ ഭൂകമ്പം അതിശക്തമായിത്തീരുകയും ചെയ്യുന്നു (ശ്രീകുമാർ, 2006 : 27, 36 – 43).

7. ഓർക്കൂട്ട് - ആലപ്പാട്ടരയൻ, മി ആലപ്പാടരയൻ, ഹിന്ദു - അരയൻ. ഫെയ്സ്ബുക്ക് - അരയസമാജം, അരയൻ ആര്യക്ഷത്രിയൻ, ധീവരസഭ ഇന്ത്യ, ധീവരസംഗമം ധീവരസംഗമം, ധീവരൻ, ഞാൻ ധീവരൻ. ബ്ലോഗ് - അരയസമാജം.